(ഡി) തച്ചോട്ടുകാവ് റസിഡൻസ് അസ്സോസിയേഷൻ നിയമമന്ത്രിക്ക് നൽകിയ നിവേദനം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എ) ഇല്ല.

(ബി) ഉണ്ട്.

(സി) നിലവിലുള്ള നിയമങ്ങളുടെ പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) നിയമമന്ത്രിക്ക് നൽകിയതായി സൂചിപ്പിച്ച നിവേദനം ഈ വകുപ്പിൽ ലഭ്യമായിക്കാണുന്നില്ല.

**ആലപ്പുഴ ജില്ലയിലെ ആരാധനാലയങ്ങൾ**

**147 (6065)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൗരാണിക പട്ടണമായ ആലപ്പുഴയിൽ വ്യത്യസ്ത മത വിഭാഗത്തിൽപ്പെട്ട എത്ര ആരാധനാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ മത സമുദായങ്ങളുടെ ആരാധനാലയങ്ങൾ ഏതെല്ലാം എന്ന് വേർതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**ആരാധനാലയങ്ങളുടെ നിർമ്മാണം സംബന്ധിച്ച ചട്ടം**

**148 (6066)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾ നിർമ്മിക്കാനും പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾ നടത്താനും ജില്ലാ ഭരണകൂടത്തിന്റെ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്ന ജി.ഒ.(പി) 217/05/ഹോം തീയതി 25-7-2005 എന്ന ഉത്തരവ് കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണോ ;

(ബി) എങ്കിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് തന്നെ നേരിട്ട് അനുമതി നൽകാം എന്ന് വ്യക്തമാക്കുന്ന കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ 24-11-2009 -ലെ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ 21-6-2010-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടത്തിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് കളക്ടറുടെ അനുമതി വേണമെന്ന നിർദ്ദേശം കേന്ദ്ര നിർദ്ദേശത്തിന് തികച്ചും വിരുദ്ധമല്ലേ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എങ്കിൽ കേന്ദ്ര നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് തന്നെ നേരിട്ട് അനുമതി നൽകാനുള്ള അധികാരം നൽകുമോ ;

(ഇ) അല്ലാത്ത പക്ഷം എല്ലാ മതവിഭാഗങ്ങൾക്കും നിലവിലെ കെട്ടിട നിർമ്മാണ ചട്ടത്തിലെ ഈ വ്യവസ്ഥ സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് വിലയിരുത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ കേന്ദ്ര നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ചട്ടം ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ജി)) എങ്കിൽ എന്നത്തേക്ക് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിലും ആഭ്യന്തര വകുപ്പിലും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി-ജി) 25-7-2005-ലെ ആഭ്യന്തര വകുപ്പിന്റെ ജി.ഒ.(പി) 217/05/ഹോം നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 'മാന്വൽ ഓഫ് ഗൈഡ്‌ലൈൻസ് ടു പ്രിവന്റ് ആന്റ് കൺട്രോൾ കമ്മ്യൂണൽ ഡിസ്റ്റർബൻസസ് ആന്റ് ടു പ്രൊമോട്ട് കമ്മ്യൂണൽ ഹാർമണി' യിലെ വ്യവസ്ഥകൾ അനുസരിച്ച് ആരാധനാലയങ്ങളുടെ നിർമ്മാണം ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

പുതുക്കിയ ചട്ടങ്ങൾ പ്രകാരം ജില്ലാ കളക്ടറുടെ കൺകറൻസോടുകൂടി അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ തന്നെയാണ് നിർമ്മാണങ്ങൾക്ക് അനുമതി നൽകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly